## 48

*രീതി : വന്ദനം യേശുപരാ*

മൃത്യുവിനെ ജയിച്ച കർത്തനേശു ക്രിസ്തുവിനെ സ്തുതിപ്പിൻ
ആദ്യനുമന്ത്യനുമാം മഹാരാജനേശുവിനെ സ്തുതിപ്പിൻ

1 വേദത്തിൻ കാതലിവൻ മനുകുലമോക്ഷത്തിൽ പാതയും താൻ
ഖേദം സഹിച്ചുകൊു നരകുലവ്യാധികറ്റിയോനാം-

2 പാപം ചുമന്നു ശാപമേറ്റു കുരിശേറി മരിച്ചതിനാൽ
പാപികൾക്കായിരുന്ന ദൈവകോപമാകെയൊഴിഞ്ഞഴിഞ്ഞു-

3 ജീവനില്ലാതിരുന്ന ഉലകത്തിൽ ജീവൻ പകർന്നിടുവാൻ
ചാവിൻ വിഷം രുചിച്ച കുഞ്ഞാടിവനേതും മടികൂടാതെ-

4 മല്ലൻ പിശാചിനുടെ ശിരസ്സിനെ തല്ലിത്തകർത്തു ക്രൂശിൽ
ഉല്ലാസമോടു ജയം കൊാടിയ വല്ലഭനല്ലേലുയ്യാ-

5 ശത്രുത്വം ക്രൂശിൽ നീക്കി ദൈവത്തോടു ശത്രക്കളായവരെ
എത്രമേൽ യോജിപ്പിച്ചു താതനോടു ക്രൂശിലെ രക്തം മൂലം

6 തൻതിരു താതനുടെ വലഭാഗേ ഏറി വസിച്ചിടുന്നോൻ
വീും വരുന്നവനാം മനുവേലനേശുവിനെ സ്തുതിപ്പിൻ